
# തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ഉപയോക്തൃ മാന്വൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെയാണ് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാം ഘട്ടമായ CMLRRP 2.0 നടപ്പിലാക്കുന്നത്. സർക്കാർ പ്രസിദ്ധീകരിച്ച സർക്കുലർ പ്രകാരം, പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കുകയും ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ബജറ്റിൽ അനുവദിച്ച ഫണ്ടിന്റെ ലഭ്യതയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകുകയും വേണം. പ്രധാനപ്പെട്ട റോഡുകൾ, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്ന പ്രാദേശിക റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഏറ്റവും ഉയർന്ന മുൻഗണന നൽകുന്നു. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം, ഒരു ബാഹ്യ സാങ്കേതിക വിദഗ്ധൻ (വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർ / എൽഎസ്ജിഡി / കെപിഡബ്ല്യുഡി / മറ്റേതെങ്കിലും ഗവൺമെന്റ് എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ) എന്നിവരും ഇംപ്ലിമെന്റിംഗ് ഓഫീസറും ഉൾപ്പെടുന്ന ജില്ലാതല ഗുണനിലവാര നിരീക്ഷണ സമിതി പരിശോധിക്കും.


തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ കോൺട്രാക്ടർക്ക് MIS user type ലുള്ള ഉപയോക്തൃ വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കുന്നതാണ്.

**ആപ്ലിക്കേഷനിൽ പ്രവേശിക്കുന്നതിനായി https://cmlrrptwo.lsgkerala.gov.in എന്ന url ഉപയോഗിക്കുക. (ചിത്രം 1)**





(ചിത്രം 1)

ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ Username and Password (ഇ മെയിലിൽ ലഭിച്ച) നൽകി User Type, MIS തെരെഞ്ഞെടുക്കുക. Captcha Code ന്റെ ഉത്തരം നൽകി Login button click ചെയ്യുക. (ചിത്രം 1.1)




(ചിത്രം 1.1)


ലോഗിൻ ചെയ്യുമ്പോൾ ചിത്രം 2 ലേത് പോലെ സ്ക്രീൻ ലഭിക്കും.




(ചിത്രം 2)

ടെണ്ടർ ലഭിച്ച തദ്ദേശസ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ലോഗിനിൽ നിന്നും അനുവദിക്കുന്നതിനനുസരിച്ച് കോൺട്രാക്ടറുടെ ലോഗിനിൽ പ്രോജക്ട് ലിസ്റ്റിൽ പ്രോജക്ടുകൾ കാണിക്കുന്നതാണ്. Dashboard ൽ ലഭിച്ച പ്രോജക്ടുകളുടേയും പൂർത്തിയായ പ്രോജക്ടുകളുടേയും എണ്ണവും കാണാവുന്നതാണ്. (ചിത്രം 2)

Project List എന്ന മെനു ക്ലിക്ക് ചെയ്യുമ്പോൾ ചിത്രം 3 ലേതു പോലെ സ്ക്രീൻ ലഭിക്കും. ലിസ്റ്റിൽ നിന്നും പ്രോജക്ടിന്റെ പേര്, അടങ്കൽ തുക, തദ്ദേശസ്ഥാപനത്തിന്റെ പേര്, പൂർത്തീകരിക്കേണ്ട തീയതി, Payment Statusഎന്നിവ കാണാൻ സാധിക്കും. Payment Status ന്റെ നേർക്ക് yellow button ആണെങ്കിൽ മുൻപ് ആരംഭിച്ച Payment Process Pending ആയിരിക്കും, ഇത്തരത്തിലുള്ള പ്രോജക്ടിന് പുതിയ Payment Request നൽകാൻ സാധിക്കുന്നതല്ല. Green button ആണെങ്കിൽ പുതിയ Payment Requestനൽകാവുന്നതാണ്.



Dashboard
Project List

Project List
Home / Project List


Show 10 entries Search:

| No | Project Name | Prj. ID | Agreed PAC | LB Name | Completion Date | # |
|---|---|---|---|---|---|---|
| 1 | RRP-LRRP 2024-25 -AROOR LAC - SL NO : 2140- ALUMPARAMBU - PURANDARESWARAM ROAD WARD 6- THURAVOOR GP-PATTANAKKAD BP-ALAPPUZHA DISTRICT-2140 | 1291 | 3000000 | Ezhupunna Grama Panchayat | 2025-08-31 | ₹ |
| 2 | LRRP 2024-25 Aroor LAC 3528 Ezhupunna grama panchayath ward 1011 Puthussery colony road Ezhupunna G P Pattanakad Block panchayath Alappuzha district-3528 | 1300 | 2575000 | Ezhupunna Grama Panchayat | 2025-08-31 | ₹ |
| 3 | LRRP 2024-25 Aroor LAC 44 Ezhupunna grama panchayath ward 16 Kumarapuram Maniyanganattu road Ezhupunna G P Pattanakad Block panchayath Alappuzha district-44 | 1296 | 900000 | Ezhupunna Grama Panchayat | 2025-07-17 | ₹ |
| 4 | RRP-LRRP 2024-25 -AROOR LAC - SL NO : 0162- PUTHENKAVU - PALAKKEL ROAD WARD 14 - THURAVOOR GP-PATTANAKKAD BP-ALAPPUZHA DISTRICT-162 | 1290 | 1675000 | Ezhupunna Grama Panchayat | 2025-10-31 | ₹ |
| 5 | LRRP 2024-25 Aroor LAC 482 Ezhupunna grama panchayath ward 4 KPMS-Inchuparambu road Ezhupunna G P Pattanakad Block panchayath Alappuzha district.-482 | 1297 | 2500000 | Ezhupunna Grama Panchayat | 2025-09-30 | ₹ |
| 6 | LRRP 24- 25 CHERTHALA LAC SL NO 3470 VAYALAR RAMAVARMA SCHOOL HOSPITAL ROAD WARD 6 VAYALAR GP PATTANAKAD BPALAPPUZHA DIST-3470 | 1287 | 1450000 | Ezhupunna Grama Panchayat | 2025-07-31 | ₹ |
| 7 | LRRP 2024-25 Aroor LAC 3288 Ezhupunna grama panchayath ward 11 NH Mattapally Palathinkal road Ezhupunna G P Pattanakad Block panchayath Alappuzha district.-3288 | 1299 | 2500000 | Ezhupunna Grama Panchayat | 2025-09-30 | ₹ |
| 8 | LRRP 2024-25 Aroor LAC 2863 Ezhupunna grama panchayath ward 2 Powrasamithi road Ezhupunna G P Pattanakad Block panchayath Alappuzha district.-2863 | 1298 | 1700000 | Ezhupunna Grama Panchayat | 2025-08-31 | ₹ |

Showing 1 to 8 of 8 entries Previous 1 Next


(ചിത്രം 3)

New Payment Request എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ചിത്രം 3.1 ലെ സ്ക്രീൻ ലഭിക്കുന്നതാണ്.




(ചിത്രം 3.1)


Account Details എന്ന ടാബിൽ നിന്നും Assistant Engineer നൽകിയ കോൺട്രാക്ടറുടെ അക്കൌണ്ട് വിവരങ്ങൾ കാണാൻ സാധിക്കുന്നതാണ്. (ചിത്രം 3.2). ഈ വിവരങ്ങളിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തൽ വരുത്തുന്നതിനായി Assistant Engineer നെ സമീപിക്കേണ്ടതാണ്.




| Name of Bank | Branch | IFSC Code | Account Number |
|---|---|---|---|
| SBI | TVM | SBIN4646466 | 112233445566 |

(ചിത്രം 3.2)


Physical Stages എന്ന മെനുവിൽ നിന്നും Assistant Engineer നൽകിയ Work Completion status കാണാവുന്നതാണ്. (ചിത്രം 3.3)




| Work Progress | Last Updated By | Last Updated on |
|---|---|---|
| 53% | Jisha Antony | 2025-07-05 12:12:12 |

(ചിത്രം 3.3)

Payment Request എന്ന ടാബിൽ നിന്നുമാണ് Payment Request നൽകുന്നത്. (ചിത്രം 3.4). ഇവിടെ Partial Payment, Full Payment എന്നീ രണ്ട് ഓപ്ഷൻ കാണാവുന്നതാണ്. ഒരു വർക്കിന്റെ അടങ്കൽ തുക പൂർണ്ണമായും ആവശ്യപ്പെടുമ്പോൾ മാത്രം Full Payment എന്ന ഓപ്ഷൻ തെരഞ്ഞെടുക്കേണ്ടതാണ്. Amount Requested എന്ന കോളത്തിൽ ആവശ്യമുള്ള തുക അക്കങ്ങളിൽ ചേർക്കുക. Request ചെയ്യാവുന്ന Maximum Amount താഴെ കാണിക്കുന്നതാണ് (Exclusive of GST). താഴത്തെ കോളത്തിൽ നൽകിയിരിക്കുന്ന Disclaimer tick ചെയ്ത് Save ബട്ടൺ ക്ലിക്ക് ചെയ്യുക. Payment Request Assistant Engineer ലോഗിനിൽ Submit ചെയ്യപ്പെടുന്നതാണ്. (ചിത്രം 3.5)





(ചിത്രം 3.4)




(ചിത്രം 3.5)

Assistant Engineer ടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ Password തിരുത്തുന്നതിനായി ഹോം പേജിൽ വലതുവശത്ത് മുകളിലായുള്ള ബട്ടണിൽ ക്ലിക്ക് ചെയ്യുക. Change Password എന്ന ബട്ടൺ കാണാൻ സാധിക്കും, അതിൽ ക്ലിക്ക് ചെയ്താൽ ചിത്രം 4 ലെ പോലുള്ള സ്ക്രീൻ ലഭിക്കും.





(ചിത്രം 4)

വിവരങ്ങൾ നൽകി Change Password click ചെയ്താൽ Password change ആകുന്നതാണ്.

പഴയ Password മറന്നുപോയ സാഹചര്യങ്ങളിൽ E-mail ID and Mobile Number ഉപയോഗിച്ച് Password reset ചെയ്യുന്നതിന് ലോഗിൻ പേജിലെ Forgot password ഓപ്ഷനും ഉപയോഗിക്കാവുന്നതാണ്. (ചിത്രം 1.1) കാണുക.

Forgot your password?എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ ചിത്രം 5 ലേതുപോലെ സ്ക്രീൻ ലഭിക്കും.




(ചിത്രം 5)

User Type select ചെയ്ത് E-mail ID / Mobile Number നൽകി Send OTP ബട്ടൺ ക്ലിക്ക് ചെയ്യുക. മെയിൽ ഐഡിയിലേയ്ക്കും മൊബൈൽ നമ്പരിലേയ്ക്കും OTP വരുന്നതാണ്. OTP നൽകി Password change ചെയ്യാവുന്നതാണ്.